**JAGRATHA 078**

Vol-3, N0:4
09-01- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## നിയമപരിഷ്ക്കരണ സമിതിയുടെ ശിപാർശകൾക്കെതിരെ വ്യാപക പ്രതിഷേധം. പ്രതികരണങ്ങളിലൂടെ...

### 01. നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കാനാവില്ല: കെ.സി.ബി.സി

കേരള സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളായ രണ്ടിൽ കൂടുതൽ മക്കളുള്ളവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കാനും ദയാവധം അനുവദിക്കാനും ആത്മഹത്യ കുറ്റകരമാണെന്ന വ്യവസ്ഥ എടുത്തു കളയാനുമുള്ള തീരുമാനങ്ങൾ കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് ഒരിക്കലും അംഗീകരിക്കാനാവില്ലെന്നു കെ.സി.ബി.സി വ്യക്തമാക്കി. ഇത്തരം നിർദേശങ്ങളുമായി സർക്കാർ മുന്നോട്ടു പോവുകയാണെങ്കിൽ നിയമപരമായും ഇതരമാർഗങ്ങളിലൂടെയും എതിർക്കാനും ശക്തമായി നേരിടാനും കേരള കത്തോലിക്ക മെത്രാൻ സമിതി തീരുമാനിച്ചു. ക്രിസ്ത്യൻ പള്ളികളുടെ സ്വത്തും സാമ്പത്തിക കാര്യങ്ങളും കൈകാര്യം ചെയ്യാൻ ട്രസ്റ്റ് രൂപവത്കരിക്കാനും, മേൽനോട്ടത്തിനു കമ്മീഷണറെ നിയമിക്കാനുള്ള നീക്കങ്ങളും അപ്രസക്തമാണ്. അവയും അംഗീകരിക്കാനാവില്ല. മക്കളുടെ എണ്ണം തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കൾക്കാണ് സർക്കാരിനല്ല.

രണ്ടിൽ കൂടുതൽ മക്കളുള്ള മാതാപിതാക്കളുടെ ആനുകൂല്യങ്ങൾ നിഷേധിക്കാനുള്ള തീരുമാനം മനുഷ്യാവകാശ ലംഘനവും കുട്ടികളുടെ പൗരാവകാശ ലംഘനവുമാണ്. ദയാവധം, ആത്മഹത്യ എന്നിവ സംബന്ധിക്കുന്ന ശിപാർശകൾ മാനുഷിക മൂല്യങ്ങളെയും ധാർമിക വ്യവസ്ഥിതികളെയും ദൈവവിശ്വാസത്തെയും അട്ടിമറിക്കുന്ന നടപടിക്രമങ്ങളാണ്. മനുഷ്യജീവന്റെ ദാതാവ് ദൈവമായിരിക്കെ അത് നശിപ്പിക്കാനും ഇല്ലാതാക്കാനും മനുഷ്യർക്ക് അവകാശമില്ല. ഭാരതത്തിലെ കത്തോലിക്കാസഭയുടെ പ്രവർത്തനം ഭരണഘടന അനുസരിച്ചുള്ള വ്യക്തി നിയമപ്രകാരമാണ്. പള്ളികളുടെ സ്വന്തം സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ട്രസ്റ്റിന്റെ രൂപീകരണവും അതിന്റെ മേൽനോട്ടത്തിനു കമ്മീഷണറെ നിയമിക്കാനുള്ള നിർദേശവും വ്യക്തി നിയമത്തിലുള്ള കടന്നു കയറ്റമാണ്. സംസ്ഥാന സർക്കാരുകൾക്ക് ഈ മേഖലയിൽ നിയമനിർമാണത്തിന് അധികാരം ഇല്ല എന്നിരിക്കെ നിയമപരിഷ്ക്കരണ കമ്മീഷന്റെ ശിപാർശയും അതേത്തുടർന്ന് നിയമ മന്ത്രി നടത്തിയ പ്രഖ്യാപനവും ഈശ്വരവിശ്വാസികളെ പീഡിപ്പിക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ രാഷ്ട്രീയ ഗൂഢനയത്തിന്റെ തുടർച്ചയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരം ഭീഷണികൾക്ക് സഭ ഒരിക്കലും വഴങ്ങുകയില്ലെന്നും കെ.സി.ബി.സിക്കു വേണ്ടി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ്പ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജനറൽ സെക്രട്ടറി ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്തമായി പ്രസ്താവിച്ചു.

### 02. മനുഷ്യജീവന്റെ മേലുള്ള കടന്നു കയറ്റം : കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ

ദയാവധം അനുവദിക്കണമെന്നും രണ്ടിൽക്കൂടുതൽ മക്കളുള്ള മാതാപിതാക്കൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും സർക്കാർ ആനുകൂല്യങ്ങൾ നിഷേധിക്കണമെന്നുമുള്ള

ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നടത്തിയ നിയമ പരിഷ്ക്കരണ സമിതിയുടെ നിർദ്ദേശങ്ങൾ മനുഷ്യ ജീവന്റെ മേലുള്ള കടന്നുകയറ്റമാണെന്നും അതൊരിക്കലും അംഗീകരിക്കാനാവില്ലെന്നും കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു. ജീവൻ ദൈവത്തിന്റെ ദാനമാണ്. അതിനെ നശിപ്പിക്കാൻ മനുഷ്യന് അവകാശമില്ല. ജീവനെ സംരക്ഷിക്കുവാൻ മാത്രമെ മനുഷ്യനവകാശമുള്ളൂ. ജീവദാതാവായ ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് വിധികർത്താവാകുവാനുള്ള അവകാശം മനുഷ്യനാരും നൽകിയിട്ടില്ല. ഭൂരിഭാഗം മതവിശ്വാസികളായ കേരള ജനതയ്ക്ക് ദയാവധത്തെ അംഗീകരിക്കുവാനോ അതിനു കൂട്ടുനിൽക്കുവാനോ സാധിക്കുകയില്ല. നിയമപരിഷ്ക്കരണസമിതിയുടെ ഈ നിർദ്ദേശം മാതാപിതാക്കളെ വാർദ്ധക്യത്തിൽ നല്ല രീതിയിൽ പരിപാലിക്കുന്ന സാധാരണക്കാരായ മക്കൾക്ക് തെറ്റായ സന്ദേശം നൽകുവാനേ ഉപകരിക്കുകയുള്ളൂ.

രണ്ട് മക്കളിൽ കൂടുതലുള്ള മാതാപിതാക്കൾക്കും അവരുടെ കുട്ടികൾക്കും സംസ്ഥാനസർക്കാരിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കുവാനുള്ള നിർദ്ദേശം മനുഷ്യാവകാശ ലംഘനവും മതവിശ്വാസത്തിന്മേലുള്ള കടന്നു കയറ്റവുമാണ്. സാമൂഹ്യനീതിയും സന്തുലിതാവസ്ഥയും സമൂഹത്തിലുണ്ടാകുവാൻ നിർബന്ധിത ജനനനിയന്ത്രണമല്ല വേണ്ടത്. മറിച്ച്, സമ്പത്ത് പങ്കു വയ്ക്കുവാൻ ജനങ്ങൾക്ക് ബോധവത്ക്കരണമാണ് നൽകേണ്ടത്. 80 ശതമാനം ആളുകൾ അനുഭവിക്കേണ്ട രാജ്യത്തിന്റെ സമ്പത്തുകൊണ്ട് 20 ശതമാനം ആളുകൾ ആഡംബരജീവിതം നയിക്കുകയും 20 ശതമാനം ആളുകൾ അനുഭവിക്കേണ്ട സമ്പത്തുകൊണ്ട് 80 ശതമാനം ആളുകൾ പങ്കുവയ്ക്കേണ്ടി വരികയും ചെയ്യുന്ന അവസ്ഥയാണ് ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്ന സാമൂഹ്യ അനീതിക്കും അസന്തുലിതാവസ്ഥയ്ക്കും പ്രധാന കാരണം.മാതാപിതാക്കൾക്ക് എത്ര മക്കൾ ഉണ്ടാകണമെന്നത് അവരുടെ സ്വകാര്യ കുടുംബകാര്യമാണ്. അല്ലാതെ എത്രമക്കൾ ഉണ്ടാകണമെന്ന് തീരുമാനിക്കേണ്ടത് നിയമപരിഷ്ക്കരണ സമിതിയല്ല. ഇത്തരത്തിലുള്ള നിയമോപദേശം കുടുംബത്തിന്റെ സ്വകാര്യതയിന്മേലുള്ള കടന്നു കയറ്റവും മനുഷ്യാവകാശലംഘനവുമാണ്. ജനസംഖ്യ സന്തുലിതമായി നിലനിൽക്കേണ്ടതിന് ഓരോ കുടുംബത്തിനും 2.1 ശതമാനം കുട്ടികൾ വേണം. 10 മുതൽ 15 ശതമാനം വരെ വന്ധ്യത ഇന്ന് രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ശരാശരി 3 കുഞ്ഞുങ്ങൾ വേണ്ടതാണ്. അനേകം രാജ്യങ്ങളിൽ കുഞ്ഞുങ്ങളുടെ എണ്ണം 2.1 -ൽ കുറവാണ്.

കേരളത്തിൽ സാമ്പത്തിക ഉന്നമനത്തിന്റെ ഉറവിടം മനുഷ്യസമ്പത്താണ്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന നമ്മുടെ ആളുകളാണ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം പ്രധാനപ്പെട്ട മേഖലകളിൽ പ്രത്യേകിച്ച് അസംഘടിത മേഖലകളിൽ ജോലി ചെയ്യുവാൻ ആളുകളെ ലഭിക്കുന്നില്ല. പലപ്പോഴും അത്യാവശ്യത്തിനുള്ള ജോലികൾക്കു പോലും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ആയതിനാൽ ദയാവധം നടപ്പിലാക്കാനും രണ്ടിൽ കൂടുതൽ മക്കളുള്ള മാതാപിതാക്കൾക്കും കുഞ്ഞുങ്ങൽക്കും ആനുകൂല്യം നിഷേധിക്കുവാനുള്ള നിയമ പരിഷ്ക്കരണ സമിതിയുടെ നിർദ്ദേശങ്ങൾ പൊതുജന നന്മയല്ല, പൊതുജന ദ്രോഹമാണ് ഉണ്ടാക്കുക. ഇതിനെതിരെ മതവിശ്വാസികൾ ശക്തമായി പ്രതികരിക്കും - കെ.സി. ബി. ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു.

## 03. സഭയുടെ സ്വത്ത് വിശ്വാസികളുടേത് തന്നെ : റവ.ഡോ. പോൾ തേലക്കാട്ട്

ഒരു സന്നദ്ധ സംഘം എന്ന വിധത്തിൽ സഭയ്ക്ക് അതിന്റെ സ്വത്ത് അതിന്റെ നിയമഘടന അനുസരിച്ചു പരിരക്ഷിക്കപ്പെടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. കത്തോലിക്കാ സഭയുടെ സ്വത്ത് സഭയുടെ കാനോൻ നിയമം അനുസരിച്ചു പരികർമം ചെയ്യുന്നതിനുള്ള അവകാശം ഇന്ത്യയിലെ കോടതികൾ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിനാൽ പുറത്തുനിന്നുള്ള അനധികൃത കൈയേറ്റങ്ങൾ ചെറുക്കുക തന്നെ ചെയ്യും. സഭയുടെ നിയമം അനുസരിച്ചാണോ സ്വത്ത് കൈകാര്യം ചെയ്യുന്നത് എന്നതു പരിശോധിക്കാനുള്ള അവകാശം രാജ്യത്തെ കോടതികൾക്കു ള്ളതാണ്. ഇതാണ് എല്ലാ രാജ്യങ്ങൾക്കും പിന്തുടർന്നു വരുന്ന രീതി. ചൈനയിലും റഷ്യയിലും ഉൾപ്പെടെ എല്ലാ രാജ്യങ്ങളും പരിഗണിക്കുന്നതു കാനോൻ നിയമം അനുസരിച്ചുള്ള സഭയുടെ സ്വത്തിന്റെ വിനിയോഗമാണ്. സഭയുടെ സ്വത്ത് ആദർശാധിഷ്ഠിതമായി ഉപയോഗിക്കണമെന്നും അത് സഭയുടെയും

സമൂഹത്തിന്റെയും ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി വിനിയോഗിക്കണമെന്നുള്ളതും എല്ലാവരും ആഗ്രഹിക്കുന്നതും തർക്കമില്ലാത്തതുമാണ്. ഇതിൽ അഴിമതി, ധൂർത്ത് എന്നിവ കടന്നുവരാതിരിക്കണമെന്നുള്ളതിലും പക്ഷാന്തരമില്ല. ഇപ്പോൾ കത്തോലിക്കാസഭയിൽ എല്ലാ ദേശങ്ങളിലും ഇന്നു നിലവിലിരിക്കുന്നതും എല്ലാ രാജ്യങ്ങളിലും ഉപയോഗിക്കുന്നതുമായ കാനോൻ നിയമവ്യവസ്ഥകളും ഇതു തന്നെയാണ്.

സഭയുടെ സ്വത്ത് ആരുടെയും സ്വകാര്യ സ്വത്താക്കാൻ പാടില്ല. അതു മാർപാപ്പയുടെയോ മെത്രാന്മാരുടെയോ വൈദികരുടെയോ ആകരുത്. കാനോൻനിയമത്തിൽ സഭാസ്വത്ത് മുഴുവന്റെയും admistrator and steward എന്നാണ് മാർപാപ്പയെ വിളിക്കുന്നത്. അതായത് സ്വത്തിന്റെ കാര്യസ്ഥതയുണ്ട്, ഉടമസ്ഥതയില്ല.രൂപതയുടെ സ്വത്തിന്റെ കാര്യസ്ഥത, സ്ഥലത്തെ മെത്രാനാണ്. അദ്ദേഹം അതു കൈകാര്യം ചെയ്യുന്നതു ഫൈനാൻസ് കൗൺസിലിന്റെ സഹായത്താൽ ഒരു ഫൈനാൻസ് ഓഫീസറെ വച്ചാണ്. പല സ്ഥലങ്ങളിലും ഈ ഫൈനാൻസ് ഓഫീസർ വൈദികനാകണമെന്നു നിർബന്ധമില്ല. ക്രൈസ്തവ വിശ്വാസിയായിരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. രൂപതയുടെ സാമ്പത്തിക ഉന്നതാധികാരിസമിതി (finance council)യിൽ മെത്രാന്റെ ബന്ധത്തിൽപെട്ടവർ ഉണ്ടാകാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട് (CCEO 263). ഞാൻ അംഗമായ എറണാകുളം - അങ്കമാലി അതിരൂപതയുടെ ഫൈനാൻസ് കൗൺസിലിൽ കർദിനാൾ മാർ വർക്കി വിതയത്തിൽ കൂടാതെ രണ്ടു സഹായ മെത്രാന്മാരും, ഫൈനാൻസ് ഓഫീസറായ ഒരു വൈദികനും അഞ്ച് അല്മായരുമാണ് അംഗങ്ങൾ. ഇതുപോലെ ഇടവകയിൽ വികാരിയച്ചനും അല്മായരായ കൈക്കാരന്മാരും (trustees) ചേർന്നാണ് പള്ളിയുടെ വസ്തുവകകളും പണവും കൈകാര്യം ചെയ്യേണ്ടത്. ഇവർ തങ്ങളുടെ നടപടി വിവരം ഇടവക യോഗത്തിൽ അഥവാ കൗൺസിലിൽ വച്ചു പാസാക്കണം.

ഇടവകയോഗമാണ് കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നത്. പങ്കാളിത്തപരമായ ശൈലി ഇവിടെയെല്ലാം ഉണ്ട്. എങ്കിലും പരിപൂർണമായ ജനാധിപത്യത്തിന്റെ, ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്ന ശൈലിയല്ല കത്തോലിക്കാ സഭയുടേത്. സഭയുടെ സമ്പത്ത് പരികർമത്തിനു സർക്കാർ നിയമമുണ്ടാക്കി സഭയുടെമേൽ അടിച്ചേല്പിക്കണമെന്നു വാദിക്കുന്നവരുടെ ലക്ഷ്യമെന്ത്? സഭയുടെ സ്വത്ത് വിശ്വാസികളുടേതു തന്നെ. മെത്രാനും വൈദികരും അല്മായരും വിശ്വാസികളായിരിക്കണം - വിശ്വാസത്തിന്റെ വേഷമുണ്ടായാൽ പോരാ. ഈ വേഷം കെട്ടുകാർ സഭയ്ക്കുള്ളിൽ ട്രോജൻ കുതിരകളാകും.

## 04. ധാർമിക മൂല്യങ്ങൾക്കും മനുഷ്യാവകാശങ്ങൾക്കും നിരക്കാത്ത് : കെആർഎൽസിസി

ധാർമിക മൂല്യങ്ങൾക്കും മനുഷ്യാവകാശങ്ങൾക്കും നിരക്കാത്തതാണ് ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമ പരിഷ്ക്കരണ സമിതിയുടെ ശിപാർശകളെന്നു കേരളാ റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിസി) അഭിപ്രായപ്പെട്ടു. നന്മയ്ക്കും നീതിക്കും വേണ്ടി നിലകൊള്ളുന്ന സഭയുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനുള്ള ശ്രമമാണ് ശിപാർശയിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്നത്. ആർഷ ഭാരത സംസ്ക്കാരത്തിന് നിരക്കുന്നതല്ല ദയാവധം നടപ്പാക്കണമെന്ന ശിപാർശ. ഇതിനെതിരേ ശക്തമായ പ്രതികരണം നടത്തും. ജനസംഖ്യ വർധിക്കുന്നതാണ് സാമ്പത്തിക അസമത്വത്തിനു കാരണമെന്ന തരത്തിലുള്ള ശിപാർശകൾ കമ്മീഷൻ പിൻവലിക്കണം. കുട്ടികൾ എത്ര വേണമെന്നത് വിവാഹിതരാകുന്നവരുടെ ചിന്തയിലുണ്ടാകേണ്ടതാണ്.വ്യക്തി സ്വാതന്ത്ര്യത്തിനെ പോലും ഹനിക്കുന്ന തരത്തിലുള്ള ശിപാർശകൾക്കെതിരേ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടു വരുമെന്നും കെആർഎൽസിസി ജനറൽ സെക്രട്ടറി ഫാ.സ്റ്റീഫൻ ജി.കുളക്കായത്തിൽ വ്യക്തമാക്കി.

## 05. ദയാവധം നിയമമാക്കുന്നത് വലിയ പ്രത്യാഘാതം സൃഷ്ടിക്കും : കെ.സി.ബി.സി പ്രോലൈഫ് സമിതി

സാംസ്ക്കാരിക സമൂഹത്തിന് ഒട്ടും യോജിക്കാനാവാത്തതും അംഗീകരിക്കാനാവാത്തതുമായ നിർദ്ദേശങ്ങളാണ് നിയമ പരിഷ്ക്കരണ സമിതി മുന്നോട്ട് വയ്ക്കുന്നത്. വന്ദ്യ വയോധികനായ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നിയമപരിഷ്ക്കരണ സമിതി ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുന്നതും 24-ാം തീയതി പരിഗണനയ്ക്ക് എടുക്കുന്നതിന് നൽകിയിരിക്കുന്നതുമായ കിരാതമായ

നിയമനിർദ്ദേശങ്ങൾ വളരെ വേഗം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് നിയമമന്ത്രി ശ്രീ എം. വിജയകുമാർ എറണാകുളത്ത് പ്രസ്താവിച്ചതായി അറിഞ്ഞു. ദയാവധം എന്ന നിയമം ലോകത്ത് എഴ് രാജായങ്ങളിൽ മാത്രമാണ് അനുവദിച്ചിരിക്കുന്നത് എന്നത് തന്നെ ഈ നിയമത്തിന്റെ ബീഭത്സത എത്ര വലുതെന്ന് വ്യക്തമാക്കുന്നതാണ്. ഇത് അനുവദിച്ചിട്ടുള്ള രാജ്യങ്ങളിൽ ഈ നിയമത്തിന്റെ മറവിൽ വളരെയധികം മനുഷ്യജീവനെ കൊന്നൊടുക്കി എന്നത് ചരിത്രം വ്യക്തമാക്കിയിട്ടുണ്ട്. ദയാവധം ൌന്ന ഓമനപ്പേരിൽ കൊലപാതകം തന്നെ നടപ്പാക്കാനുള്ള കേരളാ ഗവൺമെന്റിന്റെ ഈ നീക്കത്തിൽ നിന്ന് പിൻതിരിയേണ്ടതാണ്. ദയാനധം അനുവദിക്കുന്നതിലൂടെ മനുഷ്യനെ കൊല്ലുവാനുള്ള അതിക്രൂരവും ബീഭത്സവുമായ നിയമം നടപ്പിലാക്കാനുള്ള ഗവൺമെന്റ് നീക്കത്തിൽ നിന്ന് സർക്കാർ പിന്തിരിയണം. മനുഷ്യമഹത്വം അംഗീകരിക്കുകയും ഈശ്വരവിശ്വാസമുള്ളവരുമായ ആർക്കും ഉൾക്കൊള്ളാൻ പറ്റുന്നതല്ലനിയമ പരിഷ്ക്കരണ സമിതിയുടെ കിരാതമായ ഈ നിർദ്ദേശങ്ങൾ.

ജനങ്ങൾ കുറവുള്ള രാജ്യങ്ങൾ വൻതകർച്ച അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയും ജനങ്ങൾ അധികമുള്ള ചൈനയും ഇന്ത്യയും വൻവളർച്ച നേടിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് വ്യക്തമായിക്കൊണ്ടിരിക്കുന്നഈ കാലഘട്ടത്തിൽ കേരളത്തിലെ ജനങ്ങളിൽ കുറവ് സംഭവിച്ചില്ലെങ്കിൽ തകർച്ച ഉണ്ടാകുമെന്ന് നിയമ പരിഷ്ക്കരണ സമിതി നിർദ്ദേശിക്കുമ്പോൾ ഇതിന്റെ പിന്നിൽ വിദേശശക്തികളുടെ കൈകടത്തൽ ഉണ്ടോ എന്നു പോലും സംശയിക്കുന്നു. ഇന്ത്യയിലെ വളർച്ച തടയാനുള്ള നീക്കം തന്നെയല്ലെ ഇത്. രണ്ടിൽക്കൂടുതൽ കുട്ടികളുള്ളവർക്ക് സർക്കാരിന്റെ ഭാഗത്ത് നിന്ന് യാതൊരു ആനുകൂല്യവും നൽകാൻ പാടില്ലാ എന്നും പരിഷ്ക്കരണ സമിതി നിർദ്ദേശിക്കുന്നു. സംസ്ഥാനത്ത് അടിയന്തിര ശ്രദ്ധ പതിയേണ്ട നിരവധി നിയമനിർമാണ മേഖനകൾ ഉള്ളപ്പോൾ അതിൽ ശ്രദ്ധിക്കാതെ വാർത്തകളിൽ സ്ഥാനം പിടിച്ചു പറ്റാനും മനുഷ്യാവകാശം നിഷേധിക്കുവാനുമുള്ള നീക്കം അപലപനീയമാണ്. കുടുംബ സംവിധാനം ക്രമീകരിക്കാനും കുട്ടികളെ സ്വീകരിക്കാനുമുള്ള വിവാഹത്തിലൂടെ മനുഷ്യന് ലഭിക്കുന്ന അവകാശം നൈസർഗ്ഗീകമാണ്.

## 06. ശിപാർശകൾ ഏകപക്ഷീയം : എകെസിസി

നിയമ പരിഷ്ക്കരണ സമിതി ശിപാർശകൾ ഏകപക്ഷീയമെന്ന് അഖില കേരളാ കത്തോലിക്കാ കോൺഗ്രസ് (എകെസിസി). ദയാവധം അനുവദിക്കണമെന്നും രണ്ടിൽ കൂടുതൽ കുട്ടികൾ ഉണ്ടായാൽ സർക്കാർ ആനുകൂല്യങ്ങൾ നൽകില്ലെന്നും ക്രൈസ്തവ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ ട്രസ്റ്റിനു കീഴിലാക്കണമെന്നുമുള്ള ശിപാർശകൾ തള്ളിക്കളയണം. ജീവൻ ദൈവദാനമാണ്. ഒരു സാഹചര്യത്തിലും അതിനെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ നിയമവിധേയമാക്കാൻ അനുവദിക്കില്ല.കൂടുതൽ കുട്ടികളുണ്ടായാൽ ആനുകൂല്യങ്ങൾ നിഷേധിക്കുമെന്ന ശിപാർശ നിർബന്ധിത കുടുംബാസൂത്രണത്തിനു വിധേയമാക്കുന്നതിനു തുല്യമാണ്. സഭാ സ്വത്തുക്കൾ ട്രസ്റ്റുകളുടെ കീഴിലാക്കണമെന്ന ശിപാർശ യാഥാർഥ്യ ബോധത്തോടെയുള്ളതല്ലെന്നും കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറി ജോസ് വിതയത്തിൽ പറഞ്ഞു. സഭാ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന് സഭാ വിശ്വാസികൾക്ക് പങ്കാളിത്തമുള്ള നിയമ വിധേയമായ സംവിധാനങ്ങളുണ്ട്. അതു പരിശോധിക്കുന്നതിന് നിയമ വിധേയമായ സംവിധാനങ്ങളും സഭയ്ക്കുണ്ടെന്നും ജോസ് വിതയത്തിൽ വ്യക്തമാക്കി.

## 07. സാമൂഹ്യ നീതിക്ക് നിരക്കാത്തത് : മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ ചെയർമാനായുള്ള നിയമ പരിഷ്ക്കരണ സമിതി സർക്കാരിന് സമർപ്പിച്ച ശിപാർശകൾ സാമൂഹ്യ നീതിക്ക് നിരക്കാത്തതും അതിനാൽ അംഗീകരിക്കാനാവാത്തതുമാണെന്ന് എറണാകുളം- അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്.ദയാവധം എന്നത് മനുഷ്യ മന:സാക്ഷിക്ക് എതിരാണ്. ജീവൻ ദൈവീക ദാനമാണെന്നതിനാൽ അത് ആരംഭം മുതൽ അവസാനം വരെ കാത്തു സൂക്ഷിക്കപ്പെടേണ്ടതാണ്. അതാണ് സഭയുടെ നിലപാടും. അമൂല്യമായ ജീവൻ ദയാവധം എന്ന പേരിൽ നടപ്പാക്കാൻ ശ്രമിക്കുന്നതിനെ ശക്തമായി എതിർക്കുന്നു. സമൂഹത്തിന്റെ സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റമാണ് രണ്ടു കുട്ടികളിൽ കൂടുതലായാൽ സർക്കാർ ആനൂകൂല്യങ്ങൾ നിഷേധിക്കണമെന്ന ശിപാർശയെന്ന് ബിഷപ് വ്യക്തമാക്കി.ചൈനയിൽ നടപ്പാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടതാണിത്. വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കാൻ ശ്രമിക്കുന്ന തരത്തിലുള്ള ഇത്തരം ശിപാർശകൾ തെറ്റാണെന്ന് ബിഷപ് മാർ എടയന്ത്രത്ത് പറഞ്ഞു.

സഭയുടെ സ്വത്തുക്കൾ ട്രസ്റ്റിനു കീഴിലാക്കണമെന്ന ശിപാർശ സഭ അംഗീകരിക്കുന്നില്ല. അതത് ഇടവക സമിതികൾ അതത് രൂപതകളുടെ അനുമതിയോടെയും കൃത്യമായ കണക്കുകളോടെയും ഓഡിറ്റിംഗോടു കൂടിയുമാണ് ധന വിനിയോഗം നടത്തുന്നത്. ഇത്തരത്തിൽ വ്യക്തമായ രൂപരേഖയോടെ പ്രവർത്തിക്കുന്ന സഭയുടെ ഭരണപരമായ അവകാശങ്ങളിൽ മേലുള്ള കടന്നു കയറ്റത്തെ സഭ എതിർക്കുമെന്നും ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് വ്യക്തമാക്കി.

## 08. ശിപാർശകൾ അപ്രായോഗികം : അഡ്വ.ഫാ.സേവ്യർ കുടിയാംശേരി

നിയമ പരിഷ്ക്കരണ സമിതി ശിപാർശ അപ്രായോഗികമാണെന്ന് ആലപ്പുഴ രൂപതാ കോർപറേറ്റ് വിദ്യാഭ്യാസ മാനേജറും ജുഡീഷ്യൽ വികാരിയുമായ അഡ്വ.ഫാ.സേവ്യർ കുടിയാംശേരി. ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിൽ തയാറാക്കിയിട്ടുള്ള റിപ്പോർട്ടിലെ പരാമർശങ്ങൾ എതിർക്കപ്പെടേണ്ടതാണ്. കത്തോലിക്കാ സഭയ്ക്ക് ടെമ്പറൽ കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാനായി കാനോൻ നിയമം നിലവിലുണ്ട്. ലോകമെമ്പാടും അംഗീകരിക്കപ്പെട്ടതാണ് കാനോൻ നിയമം. മാർപാപ്പയുടെ അനുവാദത്തോടെ മെത്രാനും അതത് ഇടവക വികാരിയും അല്മായരും ഉൾപ്പെടുന്ന ഭരണ സമിതിയാണ് സ്വത്തുക്കളുടെ ഭരണം നിർവഹിക്കുന്നത്. ആഗോള വ്യാപകമായി രാജ്യങ്ങളെല്ലാം അംഗീകരിക്കുന്ന കാനോൻ നിയമ വ്യവസ്ഥയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന സഭാ സ്ഥാപനങ്ങളുടെ നിയമങ്ങളെ ഒരു സംസ്ഥാനത്തിന് അങ്ങനെ മാറ്റി മറിക്കാൻ കഴിയില്ല. കാനോൻ നിയമങ്ങളെ ഇന്ത്യ അംഗീകരിക്കുന്നുണ്ടെങ്കിൽ കാനോൻ നിയമ പ്രകാരം പ്രവർത്തിക്കുന്ന സഭയുടെ സ്വത്തുക്കളുടെ ഭരണവും അംഗീകരിക്കണം. ദയാവധം നടപ്പിൽ വരുത്തണമെന്ന സമതി റിപ്പോർട്ട് അപലപനീയമാണ്. ഇതിനെ എന്തു വില നൽകിയും എതിർക്കും. കത്തോലിക്കാ സഭ എന്തു തരത്തിലുള്ള വധത്തിനും എതിരാണ്. ജീവൻ ദൈവത്തിൽ നിന്നുള്ളതാണ്. അത് എടുക്കുവാൻ മനുഷ്യർക്ക് എന്തിന്റെ പേരിലാണെങ്കിലും അധികാരമില്ലെന്നതു തന്നെയാണ് കത്തോലിക്കാ സഭയുടെ തത്വം. കുട്ടികൾ കൂടുതലായാൽ ആനുകൂല്യങ്ങൾ റദ്ദാക്കുമെങ്കിൽ അതു ചെയ്തുകൊള്ളാൻ സർക്കാരിനെ വെല്ലുവിളിക്കുന്നു. ദൈവം തരുന്ന കുട്ടികളെ രണ്ടു കൈയും നീട്ടി സ്വീകരിക്കുമെന്നാണ് സഭ സ്വീകരിച്ചിരിക്കുന്ന നയം- ഫാ.കുടിയാംശേരി വ്യക്തമാക്കി.

## 09. വിശ്വാസത്തോടും പൗരാവകാശത്തോടുമുള്ള വെല്ലുവിളി : മാർ ജേക്കബ് മനത്തോടത്ത്

കേരള സർക്കാർ നിയമിച്ച നിയമ പരിഷ്കരണ സമിതിയുടെ നിർദേശങ്ങളിൽ ക്രൈസ്തവരെ സംബന്ധിക്കുന്ന പലതും മതവിശ്വാസആചാരങ്ങളെ നിഷേധിക്കുന്നതും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും ധാർമിക മൂല്യങ്ങളെ അവമതിക്കുന്നതുമാണ്. അതിലൊന്നാണ് ദയാവധം. ഓമനത്തമുള്ള പേരിനു പിന്നിലുള്ള പ്രവൃത്തി വളരെ ഹീനവും മനുഷ്യജീവന്മേലുള്ള കടന്നാക്രമണവുമാണ്. രോഗംമൂലം തീരാവേദന അനുഭവിക്കുന്ന വ്യക്തിക്കു ജീവിക്കണമെന്ന് തെല്ലും താത്പര്യമില്ലാത്ത അവസ്ഥയിൽ ഇനിയൊട്ടും ജീവിക്കേണ്ടായെന്ന് വ്യക്തമാക്കുകയും ബന്ധുക്കൾക്ക് അതിൽ എതിർപ്പില്ലാതിരിക്കുകയും രോഗമുക്തി അസാധ്യമാണെന്നു മൂന്നു ഡോക്ടർമാർസാക്ഷ്യപ്പെടുത്തുകയും ചെയ്താലേ ദയാവധം പാടുള്ളൂവെന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ടെങ്കിലും ദയാവധം കത്തോലിക്കാവിശ്വാസികൾക്ക് ഒരു കാരണവശാലും അംഗീകരിക്കാനാകില്ല. കാരണം ജീവന്റെ ഉടമസ്ഥൻ എല്ലാ അർഥത്തിലും ദൈവം മാത്രമാണ്. ജീവന്റെ ആരംഭംമുതൽ അവസാനംവരെ അതു കാത്തുസംരക്ഷിക്കുവാനും വളർത്തി പരിപോഷിപ്പിക്കുവാനുമുള്ള കടമയാണ് മനുഷ്യനുള്ളത്. അല്ലാതെ അവസാനിപ്പിക്കാനുള്ള ലൈസൻസല്ല. നിയമപരിഷ്കാരത്തിലെ ദയാവധം ജീവനെ കവർന്നെടുക്കലാണ്. കൊല്ലരുതെന്ന ദൈവപ്രമാണത്തിനു വിരുദ്ധവുമാണ്.

അതിനാൽ രോഗിയുടെ നിരന്തര അ ്യർഥനയും ബന്ധുക്കളുടെ സമ്മതവും ഡോക്ടർമാരുടെ സാക്ഷ്യപ്പെടുത്തലും ഇക്കാര്യത്തിൽ സ്വീകാര്യമല്ലെന്ന് കത്തോലിക്കാസ സംശയാതീതമായി പഠിപ്പിക്കുന്നു. രണ്ടിൽ കൂടുതൽ മക്കളുണ്ടായാൽ പൗരന്റെ ആനുകൂല്യങ്ങൾ നിഷേധിക്കുമെന്നാണ് മറ്റൊരു നിർദേശം. ജനസംഖ്യാ വർധനവ് ഭയന്നായിരിക്കാം കമ്മീഷൻ ഈ നിഗമനത്തിലെത്തിയത്. എന്നാൽ, സാമ്പത്തിക അസമത്വത്തിന് മുഖ്യകാരണം ജനസംഖ്യാവർധനവല്ല,

സ്നേഹ സാഹോദര്യത്തിന്റെ അഭാവമാണെന്ന് സാമ്പത്തിക വിചക്ഷണന്മാർ മനസിലാക്കിയിരുന്നെങ്കിൽ! രണ്ടിൽ കൂടുതൽ മക്കൾ പാടില്ലെന്ന നിർദേശം പ്രാകൃതവും ദമ്പതികളുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണവുമാണ്.

സഭ പഠിപ്പിക്കുന്ന ഉത്തരവാദിത്വമുള്ള പിതൃത്വംവഴി എത്ര മക്കളാകാമെന്നു തീരുമാനിക്കാനുള്ള അവകാശം ദമ്പതികൾക്കാണ്. സഭയുടെ ഈ പഠനത്തിലൂടെ ദമ്പതികളുടെ മഹത്വവും സ്വാതന്ത്ര്യവും അന്യൂനം സംരക്ഷിക്കപ്പെടുന്നുണ്ട്. കുടുംബബന്ധത്തെക്കുറിച്ച് ആർഷഭാരത ദർശനങ്ങളെ വികൃതമാക്കുന്ന ഇത്തരം നിയമങ്ങളോട് കത്തോലിക്കാ സഭയ്ക്ക് യോജിക്കാനാകില്ല. സഭയുടെ പ്രതിഷേധം ഇതിനകം അറിയിച്ചുകഴിഞ്ഞിട്ടുണ്ട്.സഭാസ്വത്തുക്കൾ ട്രസ്റ്റിന്റെ കീഴിലാക്കണമെന്ന മൂന്നാമത്തെ നിർദേശത്തെ സംബന്ധിച്ച് ചാനലുകളിൽ വന്ന കമന്റുകൾ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാൻ കാരണമായിട്ടുണ്ട്. ഇന്ത്യയിലെ സ്വത്തുക്കളുടെ അവകാശി റോമിലെ മാർപാപ്പയാണെന്ന് പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. കത്തോലിക്കാസഭയുടെ നടപടിക്രമങ്ങൾ വ്യക്തമായി അറിയാവുന്ന പ്രബുദ്ധരായ മാധ്യമപ്രവർത്തകർ എന്തുകൊണ്ട് ഇത്തരം പ്രസ്താവനകൾ നടത്തിയെന്ന് അറിഞ്ഞുകൂടാ.സഭയുടെ സ്വത്ത് മാർപാപ്പയുടെയോ മെത്രാന്റെയോ വികാരിയുടെയോ അല്ല. അത് വിശ്വാസികളുടെ സഭാസമൂഹത്തിന്റേതാണ്. അതിനു വ്യക്തമായ നിയമങ്ങളും അനുഷ്ഠാനരീതികളുമുണ്ട്. മെത്രാനും വികാരിയും അതിന്റെ കാര്യസ്ഥന്മാർ മാത്രമേ ആകുന്നുള്ളൂ. സഭയുടെ ചെറിയ ഘടകമായ ഇടവകയുടെ സ്വത്ത് ഇടവകയുടേതാണ്. അത് കൈകാര്യം ചെയ്യുന്നത് ഇടവകവികാരി ഉൾപ്പെടുന്ന ഇടവകയോഗവും യോഗം തെരഞ്ഞെടുക്കുന്ന കൈക്കാരന്മാരു മാണ്.

നടത്തിപ്പിൽ എന്തെങ്കിലും ക്രമക്കേടുണ്ടോയെന്ന് പരിശോധിക്കുവാൻ നിയമാനുസൃത സംവിധാനവും സഭയ്ക്കുണ്ട്. വർഷംതോറും ഇടവകയുടെ കണക്ക് യോഗം തെരഞ്ഞെടുക്കുന്ന ഇന്റേണൽ ഓഡിറ്റർമാർ പരിശോധിച്ച് ഓഡിറ്റിംഗ് നടത്തി പൊതുയോഗത്തിൽ വായിച്ച് പാസാക്കി രൂപതാ കാര്യാലയത്തിൽനിന്ന് അംഗീകാരം വാങ്ങുന്ന സുതാര്യമായ നടപടിക്രമം സഭയിൽ നിലനിന്നുപോരുന്നുണ്ട്. രൂപതാതലത്തിലാണെങ്കിൽ മായർ ഉൾക്കൊള്ളുന്ന രൂപതയുടെ ഫൈനാൻസ് കമ്മിറ്റിയാണ് കാര്യങ്ങൾ നടത്തുന്നത്. ഇതിനെല്ലാം പുറമേ കേന്ദ്ര സർക്കാരിന്റെ പല നിബന്ധനകൾക്കു വിധേയപ്പെട്ടാണ് ഇപ്പോഴും സ്വത്ത് കൈകാര്യം ചെയ്യുന്നത്. ഇത്രയും സുതാര്യതയോടുകൂടി ചെയ്തുവരുന്ന ഇന്നത്തെ രീതിയിൽനിന്ന് വ്യത്യസ്തമായ എന്തു പരിഷ്കാരമാണാവോ പുതിയ നിയമനിർമാണം വഴി സമൂഹത്തിൽ നടപ്പാക്കൻ പോകുന്നത്!

സഭയുടെ സ്വത്തിന്റെ കാര്യത്തിൽ ആകുലത കാണിക്കുന്ന കമ്മീഷൻ ആദ്യമേ സർക്കാരിന്റെ ധൂർത്ത് അവസാനിപ്പിക്കാനും സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കാനും നികുതിദായകരായ ജനങ്ങളെ അതു ബോധ്യപ്പെടുത്താനുമുള്ള നിർദേശങ്ങൾ പ്രകടിപ്പിക്കാതിരുന്നത് എന്താണ്? സർക്കാർ അധികാരികളുടെയും ഭരണകർത്താക്കളുടെയും കൈക്കൂലി, കോഴ, ഹവാല കാര്യങ്ങളെക്കുറിച്ചൊക്കെ മൗനം പാലിക്കുന്നതെന്താണ്? സാമ്പത്തിക ഇടപാടുകൾ സുതാര്യമായിരിക്കണമെന്ന് സഭയ്ക്ക് നിർബന്ധമുണ്ട്. എന്നാൽ പുതിയ നിയമനിർമാണത്തിലൂടെ സഭയെ രാഷ്ട്രീയകക്ഷികളുടെ നിക്ഷിപ്തതാത്പര്യങ്ങൾക്ക് അടിമപ്പെടുത്താനാണ് ഉദ്ദേശ്യമെങ്കിൽ നമ്മുടെ പരിപാവനമായ ജനാധിപത്യ സംവിധാനത്തെക്കുറിച്ച് സഹതപിക്കുകയല്ലാതെ നിവൃത്തിയില്ല.

## 10. ദയാവധം വേണമെന്ന ശിപാർശ മനുഷ്യത്വരഹിതം: ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

ദയാവധം നടപ്പിൽ വരുത്തണമെന്ന നിയമ പരിഷ്ക്കരണ സമിതിയുടെ ശിപാർശ മനുഷ്യത്വരഹിതമെന്നു കെആർഎൽസിബിസി മാധ്യമ കമ്മീഷൻ ചെയർമാനും കെസിബിസി മാധ്യമ കമ്മീഷൻ വൈസ്- ചെയർമാനുമായ കോട്ടപ്പുറം ബിഷപ് ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ. ജീവന്റെ ഉടമ ദൈവം മാത്രമാണ്. ദൈവത്തിൽനിന്നു ലഭിക്കുന്ന ജീവൻ ദയാവധമെന്ന പേരിലായാൽ പോലും നശിപ്പിക്കാൻ മനുഷ്യർക്ക് അവകാശമില്ല. ഇത്തരം കാടൻ നിയമങ്ങളെ അംഗീകരിക്കാനാകില്ലെന്നും ബിഷപ് വ്യക്തമാക്കി. രണ്ടു കുട്ടികളിൽ കൂടുതലായാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന എല്ലാ തരത്തിലുള്ള ആനുകൂല്യങ്ങളും റദ്ദു ചെയ്യണമെന്ന ശിപാർശയും മനുഷ്യത്വരഹിതമാണ്. വിവാഹം കഴിക്കുന്നവരാണ് എത്ര കുട്ടികളുണ്ടാകണമെന്ന് തീരുമാനിക്കേണ്ടത്. അതിൽ കൈകടത്താനുള്ള ശ്രമങ്ങൾ അപലപനീയമാണ്- ബിഷപ് കല്ലറയ്ക്കൽ ചൂണ്ടിക്കാട്ടി.

*   *   *